# പരിശുദ്ധാത്മാവിൻറെ ശുശ്രൂഷ

സാക് പുന്നൻ

WFTW 12 ജൂൺ 2016

ലൂക്കോസ് എഴുതിയ രണ്ടു പുസ്തകങ്ങളിലും അദ്ദേഹം പരിശുദ്ധാത്മാവൻറെ ശുശ്രൂഷയെക്കുറിച്ച് വളരെയധികം പറഞ്ഞിരിക്കുന്നു. വാസ്തവത്തിൽ അദ്ദേഹത്തിൻറെ മുഖ്യ ഊന്നലുകളിലൊന്ന് ഇതാണ്. ഈ സുവിശേഷത്തിലെ ഈ ഉദാഹരണങ്ങൾ നോക്കുക: സ്നാപകയോഹന്നാൻ ഗർഭത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയും (ലൂക്കോ. 1:15).പരിശുദ്ധാത്മാവ് മറിയയുടെ മേൽ വരും (ലൂക്കോ.1:35). എലിസബേത്തും സഖരിയാവും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടു (ലൂക്കോ.1:41,67). ശിമയോൻറെമേൽ പരിശുദ്ധാത്മാവ് ആവസിച്ചിരിക്കുന്നു, അദ്ദേഹത്തിന് പരിശുദ്ധാത്മാവിൽ വെളിപ്പാടു ലഭിക്കുകയും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ദൈവാലയത്തിലേക്ക് ചെല്ലുകയും ചെയ്തു (ലൂക്കോ.2:25 27). യേശു പ്രിശുദ്ധാത്മാവുകൊണ്ട് സ്നാനപ്പെടുത്തും (ലൂക്കോ.3:16). സ്നാനമേറ്റപ്പോൾ യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നു (വ്യക്തമായി പരിശുദ്ധാത്മാവിൻറെ അഭിഷേകത്തിനായിട്ട്), ഉടനെ തന്നെ പരിശുദ്ധാത്മാവ് അദ്ദേഹത്തിൻറെ മേൽ വന്നു (ലൂക്കോ.3:21,22). യേശു ആത്മാവ് നിറഞ്ഞവനായിത്തീരുകയും, ആത്മാവിനാൽ മരുഭൂമിയലേക്ക് നയിക്കപ്പെടുകയും, പരിശുദ്ധാത്മാവിൻറെ ശക്തിയോടെ മടങ്ങുകയും ചെയ്തു (ലൂക്കോ.4:1,14). പരിശുദ്ധാത്മാവ് തൻറെമേൽ ഉണ്ടെന്ന് അവിടുന്ന് പ്രഖ്യാപിച്ചു (ലൂക്കോ.4:18). ചോദിക്കുന്നവർക്കാണ് പരിശുദ്ധാത്മാവ് നൽകപ്പെടുന്നത് (ലൂക്കോ.11:13). യേശു തൻറെ ശിഷ്യന്മാരോട് പരിശുദ്ധാത്മാവിൻറെ ശക്തിക്കുവേണ്ടി കാത്തിരിക്കുവാൻ കല്പിച്ചു (ലൂക്കോ.24:49).

അപ്പൊസ്തല പ്രവൃത്തികളിൽ, ലൂക്കോസ് 50 ൽ കൂടുതൽ തവണ പരിശുദ്ധാത്മാവിനെപ്പറ്റി പറഞ്ഞിരിക്കുന്നു. ലൂക്കോസ് സംശയമെന്യേ ആത്മനിറവുള്ള മനുഷ്യനായിരുന്നു. കൂടാതെ പരിശുദ്ധാത്മ ദാനത്തിലൂടെ സാധ്യമാക്കപ്പെട്ട ഈ പുതിയ ഉടമ്പടി ജീവിതത്തെപ്പറ്റി ആവേശഭരിതനുമായിരുന്നു. അദ്ദേഹം ആയിരുന്നതുപോലെ ആവേശഭരിതരായ എത്ര ക്രിസ്ത്യാനികൾ ഇന്നുണ്ടെന്ന് ഞാൻ അത്ഭുതപ്പെടുന്നു. പുതിയനിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളിൽ പരിശുദ്ധാത്മസ്നാനം പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇതു നമ്മെ പഠിപ്പിക്കുന്നത് ഈ പുതിയ ഉടമ്പടിയുടെ യുഗത്തിൽ പരിശുദ്ധാത്മാവിൻറെ ശുശ്രൂഷയുടെ വലിയ പ്രാധാന്യത്തെയാണ്. അതുകൊണ്ട് പിശാച് ഏതെങ്കിലും കാര്യത്തിൽ കള്ളനാണയം ഇറക്കാൻ അന്വേഷിക്കുന്നെങ്കിൽ അത് പരിശുദ്ധാത്മ അഭിഷേകത്തിൻറെ കാര്യത്തിലായിരിക്കും, ഇന്ന് അത്തരം ധാരാളം കള്ളനാണയങ്ങൾ നാം കാണുന്നുണ്ട് .വിശ്വാസികൾക്ക് പരിശുദ്ധാത്മാവിലുള്ള സ്നാനം ഒരിക്കലും ലഭിക്കുകയില്ല എന്ന് പിശാച് എങ്ങനെയാണ് ഉറപ്പു വരുത്തുന്നത്?

ഒന്നാമതായി, അവരിൽ ചിലർക്ക് ശാരീരികമോ വൈകാരികമോ ആയ അനുഭവങ്ങൾ നൽകിക്കൊണ്ടാണ്. അവർക്ക് പാപത്തെ ജയിക്കാനും കർത്താവിനെ സേവിക്കാനുമുള്ള ശക്തിയുടെ കുറവ് അവർക്കുണ്ടാകുന്നു. എന്നാൽ അവർ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് സാത്താൻ അവർക്ക് ഉറപ്പു നൽകുകയും ചെയ്യുന്നു! അത്തരം വിശ്വാസികൾ ഒരിക്കലും പരിശുദ്ധാത്മസ്നാനത്തിനായി അന്വേഷിക്കുകയില്ല, കാരണം അവർക്ക് അത് നേരത്തെ തന്നെ ലഭിച്ചിട്ടുണ്ട് എന്ന് അവർ ബോധ്യപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇതുപോലെയുള്ള ലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ എല്ലായിടവുമുണ്ട്. അവർ പാപത്താൽ പരാജിതരാക്കപ്പെടുന്നു, അവർ പണത്തെ സ്നേഹിക്കുന്നു. കൂടാതെ അവർ ലോകത്തിനുവേണ്ടി ജീവിക്കുന്നു. എന്നാൽ 'അന്യഭാഷ' എന്ന് അവർ വിളിക്കുന്ന ചില

അസ്പഷ്ടജല്പനം അവർ സംസാരിക്കുകയും ശാരീരികവും ദൃശ്യവുമായ ചില അസാധാരണ അനുഭവങ്ങൾ അവർക്ക് ലഭിക്കുന്നുവെന്ന് അവർ അവകാശപ്പെടുകയും ചെയ്യുന്നു.

രണ്ടാമത്, മറ്റു ചില വിശ്വാസികളെ (പരിശുദ്ധാത്മഭിഷേകത്തിൻറെ എതിർ ധ്രുവത്തിലായിരിക്കുന്നവരെ) പിശാച്, പ്രകടമായ ഈ കള്ളനാണയത്തിനെതിരായി പ്രതിപ്രവർത്തിക്കുന്നതിനും, പരിശുദ്ധാത്മ സ്നാനത്തിൽ നിന്നും മുഴുവനായി അകന്നു മാറി നിൽക്കുന്നതിനും ഒരുക്കുന്നു. അങ്ങനെ ഈ രണ്ട് കൂട്ടം വിശ്വാസികളെയും (ബഹുഭൂരിപക്ഷം വിശ്വാസികളും അതിലുള്ളവരാണ്) യഥാർത്ഥ ദൈവശക്തിയും പരിശുദ്ധാത്മാഭിഷേകവും ഒരിക്കലും ലഭിക്കാതവണ്ണം ആക്കിത്തീർക്കുന്നതിൽ അവൻ വിജയിക്കുന്നു. അതുകൊണ്ട് ഈ രണ്ടു പരകോടികളും ഒഴിവാക്കുന്നതിൽ ശ്രദ്ധയുമുള്ളവരായിരിക്കുക.

യോഹന്നാൻ എപ്രകാരമാണ് അവൻറെ അമ്മയുടെ ഗർഭത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടത്? അവനൊരു ഭ്രൂണമായിരുന്നപ്പോൾ അവൻറെ അമ്മയുടെ ഗർഭത്തിൽ അവൻ പരിശുദ്ധാത്മാവിനായി കാത്തിരുന്നോ? അമ്മയുടെ ഉദരത്തിൽ വച്ച് പ്രാർത്ഥിക്കുവാൻ അവനെ ആരെങ്കിലും പ്രബോധിപ്പിച്ചോ? ഇല്ല. ദൈവം അവനെ നിറച്ചു. നിങ്ങളെ പരിശുദ്ധാത്മാവിൽ നിറക്കുക എന്നതു ദൈവത്തിൻറെ പ്രവൃത്തിയാണ്. നാം അവിടുത്തോട് വിധേയപ്പെടുന്നെങ്കിൽ, അവിടുന്ന് നമ്മെ നിറക്കും. നിങ്ങളുടെ വിശ്വാസത്തെ ഉത്തേജിപ്പിക്കുവാൻ ഒരു കാര്യം ഇവിടെയുണ്ട്: നിസ്സഹായമായ ഒരു ഭ്രൂണത്തെ അതിൻറെ അമ്മയുടെ ഗർഭത്തിൽവച്ച് പരിശുദ്ധാത്മാവിനാൽ നിറക്കുവാൻ കഴിയുമെങ്കിൽ, നിങ്ങളെ നിറക്കുവാൻ അവിടുത്തേക്ക് എന്തുകൊണ്ട് കഴിയില്ല?

ഏതെങ്കിലും വിലകുറഞ്ഞുള്ള നാണയംകൊണ്ട് തൃപ്തിപ്പെടരുത്. ഞാൻ ഒരു യുവാവായിരുന്നപ്പോൾ കർത്താവിനോട് പറഞ്ഞു: 'ഞാനൊരിക്കലും ഒരു കള്ളനാണയംകൊണ്ട് തൃപ്തനാവുകയില്ല, തന്നെയുമല്ല യഥാർത്ഥമായ അനുഭവം ലഭിക്കുവാൻ പത്ത് വർഷം കാത്തിരിക്കേണ്ടി വന്നാലും എനിക്ക് അതിന് മനസ്സാണ്'. കാത്തിരിക്കുന്നത് യോഗ്യമായിരുന്നു. നിങ്ങൾ യഥാർത്ഥമായി ആത്മാവിൽ അഭിഷേകം ചെയ്യപ്പെടുമ്പോൾ, അത് നിങ്ങളുടെ മുഴുവൻ ജീവിതരീതിയെയും വ്യത്യാസപ്പെടുത്തും.

യോഹന്നാൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടപ്പോൾ അദ്ദേഹം കർത്താവിൻറെ ദൃഷ്ടിയിൽ വലിയവനായിത്തീർന്നു (ലൂക്കോ. 1:15).പരിശുദ്ധാത്മാവ് നമ്മെയും ഇങ്ങനയാക്കിത്തീർക്കാൻ ആഗ്രഹിക്കുന്നു ദൈവത്തിൻറെ ദൃഷ്ടിയിൽ വലിയവൻ, മനുഷ്യൻറെ ദൃഷ്ടിയിലല്ല.